**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **24-02-2026 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതവും വിനിയോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും, 2021 മുതൽ നാളിതുവരെയായി ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വിഹിതം എത്രയാണെന്നും, ഏതെല്ലാം പദ്ധതികൾക്കായാണ് ആയത് ചെലവഴിച്ചതെന്നും അറിയിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം **അനുബന്ധം - I ചേർക്കുന്നു.**<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരം **അനുബന്ധം - II ആയി** ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 20784.73 ലക്ഷം രൂപ കേന്ദ്ര സഹായമായി അനുവദിച്ചതിൽ നാളിതുവരെ 17006.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക ഘട്ടങ്ങളായിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ സംസ്ഥാനത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവിടുന്ന തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ടു, പൗരാവകാശ സംരക്ഷണ നിയമം 1955, പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989,പ്രകാരം ലഭ്യമാകുന്ന കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിക്കുന്നുണ്ട്.<br><br>പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന ആദർശ് ഗ്രാമം പദ്ധതി പ്രകാരം ലഭ്യമായ തുക വിനിയോഗിച്ചു വരുന്നു. ഇടുക്കി ജില്ലയിലെ മഞ്ചുമല വില്ലേജിൽ ആദർശഗ്രാമം പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. ഈ വർഷം ആയത് പൂർത്തിയാക്കി ശേഷിക്കുന്ന തുക ചെലവഴിക്കുന്നതാണ്.<br><br>പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (Grants-In-Aid) പദ്ധതി പ്രകാരം ലഭ്യമാകുന്ന തുക വിവിധ ഘട്ടങ്ങളിലായിട്ടാണ് ചെലവഴിച്ചു വരുന്നത്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവിടുന്ന തുക പട്ടികജാതി |

ഗുണഭോക്താക്കൾക്കാണ് ലഭിക്കുന്നത് എന്ന് വിവിധ ഘട്ടങ്ങളിൽ ഉറപ്പ് വരുത്തുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സഹായമായി ലഭിക്കുന്ന തുകയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകി വരുന്ന പദ്ധതികൾക്ക് അതാത് വര്ഷം തുക ചെലവഴിച്ച് വിനിയോഗ വിവരം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുരോഗതി കൈവരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട് . ആയതിനുള്ള കാരണം പട്ടികവർഗ്ഗ മേഖലകൾ ഭൂരിഭാഗവും വനത്തിനുള്ളിലും വനാന്തരെ പ്രദേശങ്ങളിലുമായതിനാൽ നിർമ്മാണത്തിനായുള്ള സാധന സാമഗ്രികളുടെ ദൗർലഭ്യത, കാലാവസ്ഥാവ്യതിയാനം, ഗതാഗത സൗകര്യമില്ലായ്മ തുടങ്ങിയവയാണ്.

പട്ടിക വർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു.

സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രി, വകുപ്പ് മന്ത്രി എന്നിവരും ജില്ലാടിസ്ഥാത്തിൽ / മേഖലാടിസ്ഥാനത്തിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.

പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിൻ്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി പദ്ധതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിൻ്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ

| |
|---|
| ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

**(In Lakhs)**

| **ക്രമ നം.** | **പദ്ധതിയുടെ പേര്** | **കേന്ദ്ര വിഹിതം** | **ചെലവഴിച്ച തുക** |
|---|---|---|---|
| 1 | Protection of Civil Rights & Prevention of Atrocities Act | 3361.87 | 3361.87 |
| 2 | PM-AJAY(ആദർശ് ഗ്രാമം) | 4075500 | 1974366 |
| 3 | PM-AJAY(Grants-in-Aid) | 1000.86 | 700.39 |
| 4 | Postmatirc Scholarship, Prematric Component I, II | (DBT മുഖാന്തിരം കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് നൽകുന്നു) | |

അനുബന്ധം II

| ക്രമ നം. | പദ്ധതികൾ | കേന്ദ്രസഹായ മായി ലഭിച്ച തുക രൂപ (ലക്ഷം) | ആയതിൽ ചെലവഴിച്ച തുക (രൂപ ലക്ഷം) |
|---|---|---|---|
| 1. | അതിക്രമം തടയൽ നിയമം നടപ്പാക്കൽ (കേന്ദ്ര വിഹിതം 50%) - XXV-2225-02-800-68 (01) | 325.62 | 325.62 |
| 2. | ആർട്ടിക്കിൾ 275 (1) പ്രകാരം ഗ്രാൻഡ് ഇൻ എയ്ഡ് ഉപയോഗിച്ച് മോഡൽ റസിഡൻഷ്യൽസ് സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണം (100% കേന്ദ്രസഹായം) - XXV-4225-02-277-40 | 3218.69 | 797.38 |
| 3. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (75% കേന്ദ്രസഹായ പദ്ധതി) - XXV-2225-02-277-29 (01) | 14317.63 | 14317.63 |
| 4. | - ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാൻഡ് എയ്ഡ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ . (100% കേന്ദ്ര വിഹിതം) - XXV-2225-02-102-75 | 500.00 | 122.25 |
| 5. | ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (75% കേന്ദ്രസഹായ പദ്ധതി) [XXV] 2225-02-277-26(01) | 1222.2 | 1222.20 |
| 6. | പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (എസ്. സി. എ . ടു ടി എസ് എസ്) - [XXV] 2225-02-794-90 | 91.19 | 29.00 |
| 7. | പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ് (പി എം യു (100% കേന്ദ്ര വിഹിതം) - 2225-02-794-89 | 101.25 | 26.73 |
| 8. | പ്രധാനമന്ത്രി ജൻ ജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി എം ജന്മൻ) (100% കേന്ദ്ര വിഹിതം) - 4225-02-102-95 | 228.65 | 166.00 |
| 9. | ധർത്തിആബാ ജൻജതീയ ഗ്രാമ ഉത്കർഷ അഭിയാൻ (JA JGUA ) | 779.5 | 0 |
| | ആകെ | 20784.73 | 17006.81 |